# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 209 — 04.10.2011 ൽ മറുപടിക്ക്

## സമഗ്ര കോൾ സെന്ററുകൾ തുടങ്ങാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിനായി സമഗ്ര കോൾ സെന്ററുകൾ തുടങ്ങാൻ ആലോചനയുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ പ്രവർത്തനരീതി എങ്ങനെയായിരിക്കണം എന്നാണ് കരുതുന്നത് ; | (ബി) ഈ പദ്ധതി ഏകദേശം 8 മാസം കൊണ്ട് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. എല്ലാ ദിവസവും 24 മണിക്കൂറും സേവനം നൽകുന്ന രീതിയിൽ (24 X 7) മുപ്പത്തൊന്നോളം സർക്കാർ വകുപ്പുകൾ, വിവിധ യൂണിവേഴ്സിറ്റികൾ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾ എന്നിവയെ പറ്റിയുള്ള വിവരങ്ങൾ നൽകുന്നതാണ്. ലാൻഡ് ലൈൻ, മൊബൈൽ ഫോൺ, എസ്.എം.എസ്, എം.എം.എസ്, സോഷ്യൽ മീഡിയ, വെബ് പോർട്ടൽ, ഇ-മെയിൽ, ഓൺ ലൈൻ ചാറ്റ്, ഫാക്സ് ഇവയിലേതു രീതിയിലും ജനങ്ങൾക്ക് കോൾ സെന്ററുമായ ബന്ധപ്പെടുവാനും അവർക്കു വേണ്ടുന്ന വിവരങ്ങൾ ലഭ്യമാക്കുവാനും സഹായകരമാകുന്ന രീതിയിലായിരിക്കും ഇത് പ്രവർത്തിക്കുക.. ഒരു ടോൾ ഫ്രീ നമ്പർ മുഖേനയായിരിക്കും ഈ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ ഒരു വെബ് പോർട്ടൽ മുഖേനയും ഈ പദ്ധതി ജനങ്ങളിലെത്തിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഡൽഹി പോലുള്ള സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഓപ്പൺ സോഴ്സ് സാങ്കേതിക വിദ്യയെ പ്രോൽസാഹിപ്പിച്ചു കൊണ്ട് ചെലവു കുറഞ്ഞതും ജനോപകാരപ്രദവുമായ രീതിയിൽ പ്രവർത്തിക്കാൻ കോൾ സെന്ററിനെ പ്രാപ്തമാക്കുകയും |

ജനങ്ങൾക്ക് സർക്കാരുമായി ബന്ധപ്പെട്ട വിവരങ്ങൾ വേഗത്തിലും കൃത്യമായും ലഭ്യമാക്കുകയുമാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

| | |
|---|---|
| (സി) ഇതിന് ന്യൂജനറേഷൻ മൊബൈൽ സൗകര്യങ്ങൾ ലഭ്യമാക്കുമോ? | (സി) പദ്ധതി നടപ്പാക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ